**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചുങ്കത്തറ ഗ്രാമപഞ്ചായത്ത് - എടമല കുടിവെള്ള പദ്ധതിയ്ക്ക് റെയ്ഡ്കോയിൽ നിന്നും മോട്ടോർ വാങ്ങിയ തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2808 /2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 02/11/2018

പരാമർശം:- 1. ചുങ്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07/11/2016 ലെ A3/8836/2016 നമ്പർ അപേക്ഷ.
2. പഞ്ചായത്ത് ഡയറക്ടറുടെ 13/09/2018 ലെ ജെ1/22423/18 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

ചുങ്കത്തറ ഗ്രാമപഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ച് പഞ്ചായത്തിന് കൈമാറിയ എടമല കുടിവെള്ള പദ്ധതിയുടെ (പൊതുടാപ്പുകൾ) ഇലക്ട്രിക് മോട്ടോർ റിപ്പയർ ചെയ്യാൻ കഴിയാത്ത വിധത്തിൽ പ്രവർത്തന രഹിതമായതിനാൽ ആയത് മാറ്റി വളരെ അടിയന്തരമായി പുതിയ മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകിയിരുന്നു. 2015-16 വാർഷിക പദ്ധതിയിൽ ഇതിനുള്ള തുക വകയിരുത്തിയിരുന്നില്ല. 2015-16 ൽ തന്നെ 1,23,000/- രൂപ വിലയുള്ള ഇലക്ട്രിക് മോട്ടോർ റെയ്ഡ്കോയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങി സ്ഥാപിയ്ക്കുകയും ചെയ്തു. 2016-17 വാർഷിക പദ്ധതിയിലാണ് ടി പ്രോജക്ടിന് തുക വകയിരുത്തിയരുന്നത്. പ്രസ്തുത തുക റെയ്ഡ്കോയ്ക്ക് നൽകുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ചുങ്കത്തറ ഗ്രാമപഞ്ചായത്ത് അഭ്യർത്ഥിച്ചിരുന്നു.

1,23,000/- രൂപ വിലയുള്ള പമ്പ് സെറ്റ് പ്രോജക്ട് ഇല്ലാതെ ക്രമങ്ങൾ പാലിക്കാതെ വാങ്ങിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണെങ്കിലും, പൊതുടാപ്പുകളിലെ കുടിവെള്ള വിതരണം പെട്ടെന്ന് നിലച്ച് അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിട്ടതിനാലും ഗുണഭോക്താക്കൾ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായതിനാലുമാണ് നടപടിക്രമങ്ങൾ പാലിക്കാതെ അടിയന്തരമായി പമ്പ്സെറ്റ് വാങ്ങേണ്ടി വന്നതെന്ന വസ്തുത കണക്കിലെടുത്ത് സ്പിൽ ഓവറായി തുടരുന്ന ടി പ്രോജക്ടിൽ നിന്നും റെയ്ഡ്കോയ്ക്ക് നിയമാനുസൃതമുള്ള തുക അനുവദിക്കുന്നതിന് അനുമതി നൽകുന്ന കാര്യത്തിൽ സർക്കാരിൽ തീരുമാനമെടുക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുടാപ്പുകളിലെ കുടിവെള്ള വിതരണം പെട്ടെന്ന് നിലച്ച് അതിരൂക്ഷമായ കുടിവെള്ള ക്ഷാമം നേരിട്ടതിനാൽ നടപടിക്രമങ്ങൾ പാലിക്കാതെ അടിയന്തരമായി പമ്പ് സെറ്റ് വാങ്ങിയ നടപടി സാധൂകരിച്ചും, സ്പിൽ ഓവറായി തുടരുന്ന ടി പ്രോജക്ടിൽ നിന്നും റെയ്ഡ്കോയ്ക്ക് നൽകാനുള്ള 1,23,000/- (ഒരു ലക്ഷത്തി ഇരുപത്തിമൂന്നായിരം) രൂപ അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്/സെക്രട്ടറി, ചുങ്കത്തറ ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.